I1

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 1660

16.06.2014-ലെ മറുപടിക്ക്.

## കോടതി വ്യവഹാര ഭാഷ മലയാളമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ

(എ) മലയാളം ശ്രേഷ്ഠഭാഷാവർഷവുമായി ബന്ധപ്പെടുത്തി കോടതി വ്യവഹാരങ്ങൾ പൂർണ്ണമായും മാതൃഭാഷയിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) കോടതി വ്യവഹാരങ്ങൾ മലയാള ഭാഷയിലാക്കുന്നതിന് നിലവിലെ തടസ്സങ്ങളെന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(സി) സമയബന്ധിതമായി മലയാളഭാഷ കോടതി വ്യവഹാരങ്ങൾക്കായി പൂർണ്ണമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി**

ഉമ്മൻ ചാണ്ടി
(ബഹു.മുഖ്യമന്ത്രി)

(എയും, ബിയും, സിയും) കോടതി വ്യവഹാരഭാഷ മലയാളമാകുന്നതുമായി ബന്ധപ്പെട്ട് 19.12.2013 ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിവരം സംബന്ധിച്ചു ഇക്കാര്യങ്ങളിൽ തുടർനടപടികൾ ആഭ്യന്തരവകുപ്പും, നിയമവകുപ്പും സ്വീകരിച്ചുവരികയാണ്. പ്രസ്തുത സമിതിയുടെ ആദ്യയോഗം 12.05.2014 ൽ ചേരുകയുണ്ടായി. കേരള ഹൈക്കോടതിയുടെ കീഴിലുള്ള സിവിൽ/ക്രിമിനൽ കോടതികളിൽ വിധിന്യായം എഴുതുന്നത് സംബന്ധിച്ച് 1973-ൽ പുറപ്പെടുവിച്ച വിജ്ഞാപനം ഫലപ്രദമായി പാലിക്കപ്പെടുന്നതിലേക്കായി നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നുണ്ട്.

ഇതിനായി താഴെപ്പറയുന്ന വിഷയങ്ങളിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

i) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമവകുപ്പിൽ സ്വീകരിച്ചുവരുന്നു.

ii) കീഴ്കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം Software സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

iii) നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

iv) ഇതിനുപുറമെ പ്രധാനപ്പെട്ട കേന്ദ്ര ആക്ടുകളും സംസ്ഥാന ആക്ടുകളും അവയുടെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി, ആയത് യഥേഷ്ടം വിപണിയിൽ ലഭ്യമാകേണ്ടതും നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമുണ്ട്.

സെക്ഷൻ ഓഫീസർ